(Students Wing of Indian Red Cross Society)

# JUNIOR RED CROSS

**THRISSUR REVENUE DISTRICT OFFICE**

Palace Road ,Near D E O Office ,Thrissur – 680020

ആരോഗ്യം , സേവനം , സൗഹൃദം

Mob: 9495094266

സ്വീകർത്താവ്,

ബഹു.ഡി ഡി ഇ

ഡി ഡി ഇ ഓഫീസ്

തൃശ്ശൂർ

സർ,

വിഷയം: ജെ ആർ സി എ/ബി/സി ലെവൽ പരീക്ഷകൾ നടത്താനുള്ള അനുമതി സംബന്ധിച്ച്/-

സൂചന : 1. ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ലിയു.പി.(സി) 42128/2017 ൽ , ഐ.എ നം 14630/2018 ന്റെ 22-10-2018 ലെ ഉത്തരവ്.

2. 30-10-2018 ൽ ബഹു ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കേരള സ്റ്റേറ്റ് ബ്രാഞ്ച് ചെയർമാൻ ശ്രീ വി പി മുരളീധരൻ ബഹു ഡി പി ഐ ക്ക് നൽകിയ കത്തിന് മറുപടിയായി ബഹു ഡി പി ഐ 30-11-2018 ന് ഇറക്കിയ ഉത്തരവ് .(നം എം 4/59373/2018/ഡി പി ഐ)

3.ബഹു. ജെ ആർ സി സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് ആർ നായർ ബഹു.ഡി ഡി ഇ മാർ സമക്ഷത്തിലേയ്ക്കായി ഇ-മെയിൽ വഴിയുള്ള കത്ത്.

മേൽ സൂചന പ്രകാരം ജെ ആർ സി പരീക്ഷകൾ നടത്തുവാൻ ബഹു.ഡി പി ഐ 30/11/2018 ന് ഇറക്കിയ ഉത്തരവ് (നം എം 4/59373/2018/ഡി പി ഐ )പ്രകാരം അനുമതി നൽകിയിരിക്കുന്നു.ഇതിൽ ആദ്യം നടക്കേണ്ടത് 2017-18 വർഷത്തെ ജെ ആർ സി എ, ബി ലെവൽ പരീക്ഷകളാണ് . ബഹു.ജെ ആർ സി സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് ആർ നായർക്കാണ് ഈ പരീക്ഷകളുടെ നടത്തിപ്പിന്റെ സംസ്ഥാനതല ചുമതല ലഭിച്ചിട്ടുള്ളത്. ബഹു.ജെ ആർ സി സ്റ്റേറ്റ് കോർഡിനേറ്ററുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് ജെ ആർ സി റവന്യു ജില്ലാ കോർഡിനേറ്റർ തൃശ്ശൂർ റവന്യു ജില്ലയിലെ പരീക്ഷകളുടെ നടത്തിപ്പിന്റെ ചുമതല ഏറ്റെടുക്കേണ്ടിയിരിക്കുന്നു. അതനുസരിച്ച് 2018 ഡിസംബർ 22-ന് തൃശ്ശൂർ റവന്യു ജില്ലയിലെ 12 സബ് ജില്ലകളിൽ 11 പരീക്ഷാസെന്ററുകളിലായി നടത്തുവാനുള്ള ക്രമീകരണം പൂർത്തിയാക്കിയിട്ടുണ്ട്.എല്ലാ ഉപജില്ലകളിലേയും കോർഡിനേറ്റർമാർക്കും അതാത് പരീക്ഷ സെന്ററുകളിലെ പ്രധാനാദ്ധ്യാപകർക്കുമാണ് പരീക്ഷ നടത്തുവാനുള്ള ചുമതല. ഇവർ ജെ ആർ സി റവന്യു ജില്ലാ കോർഡിനേറ്ററുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രവർത്തിക്കുക . എല്ലാ ജെ ആർ സി ടീച്ചർ കൗൺസിലർമാരും അന്നേദിവസം പരീക്ഷ ഡ്യൂട്ടി ചെയ്യേണ്ടതും തുടർന്ന് വാല്യൂവേഷൻ നിശ്ചയിക്കുന്ന ദിവസം വാല്യൂവേഷൻ ക്യാമ്പിൽ പങ്കെടുക്കേണ്ടതുമാണ്. ഈ പരീക്ഷ വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള അനുമതിയും ആവശ്യമായ മാർഗനിർദ്ദേശങ്ങളും നൽകുമാറാകണമെന്ന് അപേക്ഷിക്കുന്നു. തുടർന്ന് തൻ വർഷം നടക്കേണ്ട ജെ ആർ സി എ, ബി ലെവൽ സേ പരീക്ഷ,2018-19 വർഷത്തെ ജെ ആർ സി സി,എ, ബി ലെവൽ പരീക്ഷകൾ കൂടി നടത്തുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു .

എന്ന്

വിശ്വസ്തതയോടെ,

ജോബി ബെൻസ് എ

റവന്യൂ ജില്ല കോർഡിനേറ്റർ

ജൂനിയർ റെഡ്ക്രോസ്

തൃശ്ശൂർ

ദേവസി ചെമ്മണ്ണൂർ

വൈസ് ചെയർമാൻ

ജൂനിയർ റെഡ്ക്രോസ്

തൃശ്ശൂർ

JUNIOR RED CROSS JRC THRISSUR



Scanned by CamScanner

## പരീക്ഷ തീയതീകൾ

1.2017-2018 ലെ ജെ ആർ സി എ , ബി ലെവൽ പരീക്ഷ 22/12/2018 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ.
2.2017-18 ലെ ജെ ആർ സി എ ,ബി ലെവൽ സേ പരീക്ഷ 05/01/2019 ശനിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെ.
3.2018-19 ലെ ജെ ആർ സി 'സി' ലെവൽ പരീക്ഷ 12/01/2019 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ.
4.2018-19 ലെ ജെ ആർ സി എ , ബി ലെവൽ പരീക്ഷ 19/01/2019 ശനിയാഴ്ച ഉച്ചയ്ക്ക് 2 മുതൽ 4 വരെ.

## പരീക്ഷാ ഫീസ്

| | |
|---|---|
| എ,ബി ലെവൽ പരീക്ഷ | -35 .00 രൂപ |
| എ,ബി ലെവൽ സേ പരീക്ഷ | -35 .00 രൂപ |
| സി ലെവൽ പരീക്ഷ | -50.00 രൂപ |

## എ, ബി ലെവൽ പരീക്ഷകളുടെ സെൻ്ററുകൾ

| ക്രമ നമ്പർ | സബ് ജില്ല | പരീക്ഷാ സെൻ്റർ |
|---|---|---|
| 1 | തൃശ്ശൂർ ഈസ്റ്റ് | കാൽഡിയൻ സിറിയൻ എച്ച് എസ് എസ് തൃശ്ശൂർ |
| 2 | തൃശ്ശൂർ വെസ്റ്റ് | എച്ച് എസ് അരിമ്പൂർ |
| 3 | ചേർപ്പ് | സി എൻ എൻ ബോയ്സ് എച്ച് എസ് എസ് ചേർപ്പ് |
| 4 | ഇരിഞ്ഞാലക്കട | സെൻ്റ് മേരീസ് എച്ച് എസ് എസ് ഇരിഞ്ഞാലക്കട |
| 5 | കുന്ദംകുളം | ബെഥനി സെൻ്റ് ജോൺസ് എച്ച് എസ് എസ് കുന്ദംകുളം |
| 6 | വലപ്പാട് | സെൻ്റ് തോമസ് എച്ച് എസ് എസ് ഏങ്ങണ്ടിയൂർ |
| 7 | വടക്കാഞ്ചേരി | എൽ എഫ് ജി എച്ച് എസ് ചേലക്കര |
| 8 | ചാവക്കാട് & മുല്ലശ്ശേരി | സെൻ്റ് ജോസഫ്സ് എച്ച് എസ് എസ് പാവറട്ടി |
| 9 | മാള | ആർ എം എച്ച് എസ് എസ് ആളൂർ |
| 10 | ചാലക്കുടി | എൽ എഫ് സി എച്ച് എസ്എസ് കൊരട്ടി |
| 11 | കൊടുങ്ങല്ലൂർ | എസ് എസ് എം എച്ച് എസ് എസ് അഴിക്കോട് |

COPY TO,

1) DEO THRISSUR
2) DEO IRINJALAKUDA
3) DEO CHAVAKKAD
4) All HM'S
5) JRC SUB DIST CO-ORDINATORS
6) JRC SCHOOL COUNSELLORS

JUNIOR RED CROSS JRC THRISSUR



Scanned by CamScanner